പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**പ്രധാനമന്ത്രി ആവാസ് യോജന**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 288 — 13.03.2017 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. ഇ.പി.ജയരാജൻ<br>,, കെ.ആൻസലൻ<br>,, പി.ടി.എ. റഹീം | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | 2016-2017 സാമ്പത്തിക വർഷം പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പ്രകാരം സംസ്ഥാനത്തിന് എത്ര വീട്ടുകളാണ് അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ., | (എ) | 32559 വീട്ടുകൾ |
| (ബി) | പി.എം.എ.വൈ.യിൽ സംസ്ഥാനത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പട്ടിക പ്രകാരമാണ് പി എം എ വൈ (ജി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. പ്രസ്തുത പട്ടികയിൽ അർഹതയുള്ളവരുടെ എണ്ണം വളരെ കുറവാണ് . ഭവന രഹിതരായ നിരവധി കുടുംബങ്ങൾ പട്ടികയ്ക്ക് പുറത്തുണ്ട് . |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം വീടിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ; | (സി) | 2011 ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പട്ടിക പ്രകാരമാണ് അർഹതയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് . |
| (ഡി) | പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര-സംസ്ഥാന വിഹിതമായി എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ട്; | (ഡി) | 2016-2017 സാമ്പത്തിക വർഷം ഒന്നാം ഗഡുവായി 151.89 കോടി രൂപ അനുവദിച്ചിട്ടുണ്ട്,<br>കേന്ദ്ര വിഹിതം 91.13 കോടി<br>സംസ്ഥാന വിഹിതം . 60.76 കോടി |
| (ഇ) | മുൻ വർഷങ്ങളിൽ ഇന്ദിര ആവാസ് യോജന പ്രകാരം അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയാകാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിനായി ഐ. എ. വൈ . യ്ക്ക് പകരം ആവിഷ്കരിച്ച പി.എം.എ .വൈ. പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഇ) | അത്തരം വീടുകൾ പൂർത്തിയാക്കുന്നതിന് PMAY പ്രകാരം പദ്ധതികളില്ല. എന്നാൽ ഇനിയും പൂർത്തിയാക്കാത്ത വീടുകൾ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും സി എസ് ആർ ഫണ്ടുകൾ ഉപയോഗിച്ചും പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ